# കൈത്താക്കാലം നാലാം ഞായർ

## അൽഫോൻസ എന്ന ഗോതമ്പുമണി

❖ വി. അൽഫോൻസാമ്മ - കേരളമണ്ണിന്റെ ആദ്യ വിശുദ്ധ - നമ്മുടെ പ്രിയ സഹോദരി - മലയാളികളുടെ മദ്ധ്യസ്ഥ - തിരുനാളാശംസകൾ.

❖ ഗോതമ്പുമണിയും അൽഫോൻസായും

1. യോഹ. 12, 24 തന്റെതന്നെ ജീവിതമാണെന്ന് വി. അൽഫോൻസാ മനസ്സിലാക്കി
2. അങ്ങനെ സ്വന്തം ജീവിതത്തിനു വചനാനുസൃതം അർത്ഥം കണ്ടെത്തിയവളാണ് അൽഫോൻസ. എന്നെങ്കിലും ജീവിതാനുഭവങ്ങളെയോ, ജീവിതം മുഴുവനെയോ ഏതെങ്കിലും വചനത്തിന്റെ അടിസ്ഥാനത്തിൽ വ്യാഖ്യാനിക്കാനും ധ്യാനിക്കാനും എനിക്ക് പറ്റുന്നുണ്ടോ.

❖ **ഗോതമ്പുമണിയുടെ അഴുകലിനെപ്പറ്റി**

1. മണ്ണിൽവീണഴിയുക, പുതുനാമ്പുമുളയ്ക്കുവോളം - ഇതാണ് ഗോതമ്പുമണിയുടെ ജീവിത നിയോഗം.
   ഞാൻ എന്റെ ജീവിതധർമ്മത്തെ, എന്നപ്പറ്റിയുള്ള ദൈവഹിതത്തെ തിരിച്ചറിഞ്ഞിട്ടുണ്ടോ?
2. നമ്മുടെ തന്നെ ചില സുരക്ഷിതത്വബോധങ്ങളെ ക്രിസ്തുവിനെ പ്രതി വേണ്ടെന്നുവച്ചു തുടങ്ങണം.
   കട്ടിയുള്ള പുറംതോടാണ് ഏതൊരു കാര്യത്തിൽനിന്നും ഗോതമ്പുമണിയെ വ്യത്യസ്തമാക്കുന്നതും ബലമുള്ളതാക്കുന്നതും. അഴിയുക എന്നാൽ ഗോത

മ്പുമണി തന്റെ സത്തയുടെതന്നെ ഭാഗമായ സുരക്ഷിത കവചങ്ങൾ മേഴ്കീഴ് വിചാരങ്ങളില്ലാതെ ദൂരെയെറിയുന്നു എന്നർത്ഥം.

- എന്റെ വീടിന്റെ സുരക്ഷിതത്വം
- എന്റെ അപ്പന്റെയും അമ്മയുടെയും കരുതൽ
- എന്റെ സാമ്പത്തിക ഭദ്രത
- എന്റെ പ്രിയപ്പെട്ടവരുടെ പരിലാളനകൾ

അൽഫോൻസായ്ക്ക് ഇതൊക്കെയും ഉണ്ടായിരുന്നു. പക്ഷേ ക്രിസ്തുവിനെ പ്രതി വേണ്ടെന്നു വച്ചു. എന്റെ ബലങ്ങളൊക്കെയും ക്രിസ്തുവിനെപ്രതി കൈവെടിയാൻ എനിക്ക് ത്രാണിയുണ്ടോ?

3. എന്റെ സൗന്ദര്യ സങ്കല്പ്പങ്ങൾക്കൂടി വേണ്ടെന്നു വയ്ക്കണം.
അറിയാമോ അന്നക്കുട്ടിക്ക് നല്ല ഗോതമ്പിന്റെ നിറമായിരുന്നു. എത്രയോ പേർ സ്വന്തമാക്കാനാഗ്രഹിച്ച സൗന്ദര്യത്തിന്റെ സ്ത്രീരൂപം. ബാഹ്യമായ മോടി കളൊക്കെയും അൽഫോൻസാ, എന്റെ ഹൃദയത്തിന്റെ ഉടമ ക്രിസ്തുവാണെന്ന് തിരിച്ചറിഞ്ഞ് വേണ്ടെന്നു വയ്ക്കുകയായിരുന്നു. എന്റെ ഹൃദയത്തിന്റെ ഉടമ, എന്റെ ജീവിതത്തിന്റെ ഉടമ ക്രിസ്തുവാണെന്ന് തിരിച്ചറി യുന്നവരൊക്കെയും സത്യമായും ഗോതമ്പുമണിയെപ്പോലെ ഫലംചൂടിത്തുട ങ്ങും.

❖ അസ്സീസ്സിയിലെ ഫ്രാൻസിനെക്കൂടി ഓർക്കാതെ വയ്യ. എന്റെ കഴിവും എന്റെ ആരോഗ്യവും എന്റെ കലാവാസനകളും ഹൃദയത്തിലിരമ്പുന്ന സ്നേഹവും എന്തിന് എന്റെ ഒരല്പം ഭ്രാന്തുകൂടി ക്രിസ്തുവിനെപ്രതി ധൂർത്തടിക്കുവാൻ തീരുമാനിച്ചവൻ ഫ്രാൻസിസ്. ക്രിസ്ത്യാനിയെ അയാൾ ഓർമ്മിപ്പിക്കുന്നതും എന്റേതുള്ളതു മുഴുവൻ ക്രിസ്തുവിന്റെതാണ് എന്ന ഓർമ്മയാണ്.

❖ ദൈവമേ, ഗോതമ്പുമണിപോലെ നിനക്കുവേണ്ടി അഴിയാനും എന്റെ ജീവിതം കൊണ്ട് ഈ ഭൂമിയിൽ നന്മയുടെ വിളവെടുപ്പിനുംവേണ്ടി എന്നെത്തന്നെ വേണ്ടെ എന്നുവയ്ക്കാനുംവേണ്ട കൃപ നല്കണമേ. ആമ്മേൻ.